VIII. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

സർ, 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1999 ഡിസംബർ 13-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : സമയം ദീർഘിപ്പിച്ചിരിക്കുന്നു.

IX. റിപ്പോർട്ട് സമർപ്പണം

1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ടു മുതൽ ഇരുപത്തിയഞ്ചു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. രാജു : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിരണ്ടു മുതൽ ഇരുപത്തിയഞ്ചു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ഹർജികൾ സംബന്ധിച്ച് സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ

ശ്രീ. പി. സി. ജോർജ് : സർ, ഹർജികൾ സംബന്ധിച്ച് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly